LIBRARY ARCHIVES Kerala Legislative Assembly

പാർട്ണർ കേരള മിഷൻ

139(3423) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ണർ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത മിഷൻ രൂപീകരിച്ചതെന്നാണ് പ്രസ്തുത മിഷന്റെ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പൊതുസ്വാകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മിഷന് നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുക്കാൻ തയ്യാറായി നിക്ഷേപകർ മുന്നോട്ടുവന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സഹായിക്കുക എന്നതാണ് പാർട്ണർ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) 2014 സെപ്റ്റംബർ 27-ാം തീയതിയാണ് പാർട്ണർ കേരള മിഷൻ നിലവിൽ വന്നത്. മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി താഴെപ്പറയുന്നു:

1. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s KITCO-യെ നിയമിച്ചിട്ടുണ്ട്. 40 പ്രോജക്ടുകൾ പഠനം നടത്തുന്നതിനായി അവരെ ഏൽപ്പിച്ചിട്ടുണ്ട്.

2. ട്രാൻസാക്ഷൻ അഡ്വൈസർ എല്ലാ പ്രോജക്ടുകളുടെയും സ്ഥല പരിശോധനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അധികാരികളുമായി വിശദമായി ചർച്ച നടത്തി സാധ്യതാ പഠനവും തുടർനടപടികളും നടത്തിവരികയാണ്.

3. പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളെ പ്രാപ്തരാക്കുന്നതിനായി ഒന്നാംഘട്ടത്തിൽ സർക്കാർ അംഗീകരിച്ച കോർ കമ്മിറ്റി അംഗങ്ങൾക്ക് ഇക്കാര്യത്തിൽ വിശദമായ പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്.

4. ഒന്നാംഘട്ടത്തിൽ പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി.

5. പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ സാധ്യതകളും പ്രയോജനങ്ങളും മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് വിശദീകരിച്ചു നൽകുന്നതിന് ഒരു മധ്യമ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

6. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ സാധ്യതാപഠന റിപ്പോർട്ട് പൂർത്തിയായി വരുന്നു. ഈ പദ്ധതികളുടെ ആർ.എഫ്.ക്യു. ക്ഷണിക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.

(സി) പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നു :

(1) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള തീരുമാനം പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളണം.

(2) ബാദ്ധ്യതാരഹിത ഭൂമി ലഭ്യമാക്കണം.

(3) പൊതുസ്വകാര്യ പങ്കാളിത്ത പ്രവർത്തനത്തിന് ഉദ്ദേശിക്കുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കപ്പെട്ടതാകരുത്.

(4) ഭൂമിയുടെ ഉടമസ്ഥാവകാശം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കണം.

(5) സാമ്പത്തികമായി സ്വയം നിലനിൽക്കുന്ന പദ്ധതികൾ മാത്രമേ ഒന്നാംഘട്ടത്തിൽ ഏറ്റെടുക്കാവൂ.

(6) എല്ലാ എഗ്രിമെന്റുകളും പ്രാദേശിക സർക്കാരുകളുടെ പേരിലായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(7) പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ പ്രാദേശിക സർക്കാരുകളിലും ഒരു കോർ കമ്മിറ്റി രൂപീകരിക്കണം.

(8) പദ്ധതികൾക്കുള്ള RFQ-വും RFP-യും സർക്കാർ അംഗീകരിച്ച മോഡലിൽ ആയിരിക്കണം.

(9) പദ്ധതി നടത്തുന്നതിനായുള്ള നിക്ഷേപകരെ കണ്ടെത്തുന്നത് മത്സരാധിഷ്ഠിത ദർഘാസുകളിലൂടെയായിരിക്കണം.

(10) സർക്കാരിന്റെ പ്രത്യേക അനുമതിയിലൂടെ മാത്രമേ 'Swiss Challenge' Method പ്രാവർത്തികമാക്കാവൂ.

(11) 25 വർഷമായിരിക്കും കൺസെഷൻ കാലാവധി.

(12) പദ്ധതികൾക്കോ പദ്ധതി നിർവ്വഹണത്തിനോ സർക്കാർ ഗ്യാരന്റി നൽകുന്നതല്ല.

(ഡി) സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള RFQ പ്രസിദ്ധീകരിച്ച്. പരിശോധിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര കോടി രൂപയുടെ പദ്ധതിയുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

പാർട്ണർ കേരള മീറ്റ്

140 (3424) ശ്രീ. ഇ. പി. ജയരാജൻ :· താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ണർ കേരള മീറ്റിൽ എന്ത് തുകയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത് ; വിശദമാക്കാമോ ;

(ബി) ഇതിൽ ആദ്യഘട്ടം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ; ഏതെല്ലാം നഗരസഭകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത് ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ് ; വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) സംഗമത്തിൽ ഉദ്ദേശം 400-ൽപ്പരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽവച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പുനൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly